ഉത്തരം

(എ) എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി പി. എന്നീ സ്കീമുകളിൽ ചെയ്യുന്ന റോഡുകൾക്ക് ഉയരത്തിനു പരിധി നിശ്ചയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ദേശീയ തൊഴിൽദാന പദ്ധതി

316 [346] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിൽദാന പദ്ധതിയുടെയും ദേശീയ തൊഴിൽ ഭദ്രതാപരിപാടിയുടെയും ഭാഗമായി കേന്ദ്രം അനുവദിച്ച ഗോതമ്പ് 1985-86 വർഷത്തിൽ എത്രമാത്രം ചെലവഴിച്ചു;

(ബി) ഈ ഗോതമ്പ് എങ്ങനെ വിതരണംചെയ്യാനാണ് കേന്ദ്രം നിർദ്ദേശിച്ചിരുന്നത്;

(സി) ഗോതമ്പ് തൊഴിലാളികൾക്ക് നൽകാതെയിരുന്നിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ബ്ലോക്കുകളിൽ ബി.ഡി.ഒ.മാർ ഇടപെട്ട് ഈ ഗോതമ്പ് വിറ്റ് പണം കൺവീനർമാരുടെയോ ബി.ഡി.ഒ. മാരുടെയോ പേരിൽ അല്ലെങ്കിൽ കൂട്ടായോ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബ്ലോക്കുകളിൽ;

(ഇ) ഇത്തരം പ്രവർത്തികൾ ചെയ്ത ബി.ഡി.ഒ. മാരുടെ പേരിൽ എന്തു നടപടികളാണ് എടുത്തത്?

ഉത്തരം

(എ) ദേശീയ തൊഴിൽദാന പദ്ധതിപ്രകാരം 1985-86-ൽ മൊത്തം 22074.868 മെ. ടൺ ഗോതമ്പും ദേശീയ തൊഴിൽ ഭദ്രതാപരിപാടിയുടെ ഭാഗമായ് 1985-86-ൽ 19660.007 മെ. ടൺ ഗോതമ്പും ചെലവഴിച്ചിട്ടുണ്ട്.

(ബി) തൊഴിലാളികൾക്ക് കൊടുക്കുന്ന (എൻ. ആർ. ഇ പി., ആർ. എൽ. ഇ. ജി. പി) കൂലിയിൽ കുറഞ്ഞത് 40 ശതമാനമെങ്കിലും ഗോതമ്പായി കൊടുക്കണമെന്നു കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ചിരുന്നു.

(സി, ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.

സന്നദ്ധ സംഘടനകളെ വികസനോൻമുഖ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹിപ്പിക്കുവാൻ നടപടി

317 [347] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്നദ്ധ സംഘടനകളെ വികസനോൻമുഖ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹിപ്പിക്കുവാൻ പുതുതായി എന്തു നടപടി സ്വീകരിക്കുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) സന്നദ്ധ സംഘടനകളെ വികസനോൻമുഖ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹിപ്പിക്കുവാൻ സഹായ സഹകരണങ്ങൾ നൽകാൻ ഉദ്ദേശിച്ചുകൊണ്ട് ഗ്രാമവികസനവകുപ്പിന്റെ കീഴിൽ ''പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്പ്മെൻറ് (കേരള)'' എന്ന സൊസൈറ്റി പ്രവർത്തിക്കുന്നു. പ്രാദേശിക മനുഷ്യ ശക്തി സമാഹരിച്ച് നല്ലൊരു ജീവിതം നയിക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കാനുള്ള സന്നദ്ധ സംഘടനകളുടെ ശ്രമങ്ങൾക്ക് സഹായ സഹകരണങ്ങൾ നൽകാൻ ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ''പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്പ്മെൻറ് (ഇൻഡ്യ)'' പ്രവർത്തിക്കുന്നു. അതിന്റെ സംസ്ഥാനഘടകമായി പ്രവർത്തിക്കുന്നതിന് പാഡ് (കേരള) രൂപീകരിച്ചിട്ടുണ്ട്. പൊതുജന പ്രതിനിധികൾ, പ്രമുഖരായ സന്നദ്ധ സംഘടനാ പ്രതിനിധികൾ, മറ്റു ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെ 21 പേരുള്ള ഒരു ഭരണസമിതി നയിക്കുന്നതാണ് പാഡ് (കേരള). ഇതിന്റെ പ്രസിഡൻറും ഭരണ സമിതി ചെയർമാനും സംസ്ഥാന ഗ്രാമവികസന വകുപ്പുമന്ത്രിയാണ്. ഗ്രാമവികസന വകുപ്പു സെക്രട്ടറി ഇതിന്റെ വൈസ് പ്രസിഡൻറും വൈസ് ചെയർമാനുമായി പ്രവർത്തിക്കുന്നു. ഭരണനിർവഹണത്തിന് ഒരു മുഴുവൻ സമയ മെമ്പർ സെക്രട്ടറിയുണ്ട്.

ബഹുവിധ വികസനപ്രവർത്തനങ്ങൾക്ക് പാഡ് (കേരള) സന്നദ്ധ സംഘടനകളെ സഹായിക്കും. ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം.

1. കാർഷിക വികസനം: വിത്ത് ഉൽപ്പാദനകേന്ദ്രം, മലക്കറി കൃഷി പ്രോത്സാഹനം, ചെറുകിട കർഷകർക്ക് സാമൂഹ്യ ജലസേചന പദ്ധതി, മിനി ഡെയറി, കോഴി വളർത്തൽ മുതലായവ.

2. മത്സ്യബന്ധനം: ചെമ്മീൻ വളർത്തൽ, വല നിർമ്മാണ കേന്ദ്രം മുതലായവ.

3. ഗ്രാമവ്യവസായങ്ങൾ മുതലായവ: ഗ്രാമവികസന പ്രവർത്തനങ്ങൾക്കു പുതിയ സാങ്കേതിക വിദ്യകൾ ലഭ്യമാക്കാനും നടപ്പാക്കാനും സഹായിക്കുക, അതിന് പരിശീലനം നൽകുക, പുതിയ പദ്ധതികൾ കണ്ടുപിടിക്കാനും അവയ്ക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ സ്വരൂപിക്കാനും സന്നദ്ധ സംഘടനകളെ സഹായിക്കുക, കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുമായി ചേർന്ന് വികസന പദ്ധതികൾ നടപ്പാക്കുക, സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ അവലോകനം ചെയ്യാനും പരിഹാരം കണ്ടെത്താനും സെമിനാറുകൾ, കോൺഫറൻസുകൾ, പ്രഭാഷണങ്ങൾ എന്നിവ നടത്തുക, സംഭാവനകൾ വഴിയും വായ്പയിലൂടെയും ജനപങ്കാളിത്തത്തോടെ വിഭവ സമാഹരണം നടത്തുക എന്നിവയും പാഡ് (കേരള) യുടെ ലക്ഷ്യങ്ങളാണ്.

ഇതിനും പുറമെ എല്ലാ വികസനബ്ലോക്കുകളിലും സന്നദ്ധ സംഘടനകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സൊസൈറ്റി ഫോർ സോഷ്യൽ കാച്ചറൽ ആൻറ് റൂറൽ ഡെവലപ്പ്മെൻറ് എന്ന സംഘടനയും, വികസന പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംയോജിത ഗ്രാമവികസന പരിപാടിയുടെ ഗുണഭോക്താക്കളുടെ പ്രതിനിധികളും അടങ്ങുന്ന സംഘടനകളും ഗ്രാമതലത്തിലും ബ്ലോക്കു തലത്തിലും രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ സ്ഥിരപ്പെടുത്താൻ നടപടി

318 [348] ശ്രീ. കെ. മൂസക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസനവകുപ്പിൽ എൽ.വി ഇ.ഒ. മാരായി താൽക്കാലിക നിയമനം ലഭിച്ച് സർവീസിൽ തുടരാൻ അനുവദിക്കപ്പെട്ട വികലാംഗരെ സർവീസിൽ റഗുലറൈസ് ചെയ്തിട്ടുണ്ടോ;

(ബി) റഗുലറൈസ് ചെയ്യുന്നതു സംബന്ധിച്ച് ജില്ലാ കളക്ടർമാർ ഗവൺമെന്റിലേക്ക് അയച്ച ശുപാർശയിൻമേൽ നാളിതുവരെ തീരുമാനമാകാത്തതിന്റെ കാരണമെന്താണ്?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിൽ 15 വികലാംഗ എൽ.വി.ഇ.ഒ. മാർ ജോലിനോക്കിവരുകയാണ്. അവരുടെ സർവീസ് റഗുലറൈസ് ചെയ്യുന്നതിന്റെ മുന്നോടിയായി അവർക്ക് പ്രീ-സർവീസസ് ട്രെയിനിംഗ് നൽകാനുള്ള നടപടികളും എടുത്തുവരികയാണ്. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്നതനുസരിച്ച് സർവീസ് റഗുലറൈസ് ചെയ്യുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

1985-86 സാമ്പത്തികവർഷത്തിൽ ഗ്രാമവികസനവകുപ്പിന് ലഭിച്ച കേന്ദ്ര സഹായം

319 [349] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1985-86 സാമ്പത്തിക വർഷത്തിൽ ഗ്രാമവികസനവകുപ്പിന് കേന്ദ്രത്തിൽനിന്നും ലഭിച്ച തുക എത്ര?

ഉത്തരം

44.65 കോടി രൂപയാണ് 1985-86 സാമ്പത്തിക വർഷത്തിൽ ഗ്രാമവികസനവകുപ്പിന് കേന്ദ്രത്തിൽനിന്നും ലഭിച്ചത്.

1985-86-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗ്രാമവികസന വകുപ്പിന് ലഭിച്ച തുക

320 [350] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1985-86-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഗ്രാമവികസനവകുപ്പിന് ലഭിച്ച തുക എത്ര?

LIBRARY ARCHIVES Kerala Legislative Assembly